കേരള സർക്കാർ

# കീരമ്പാറ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി14)1415/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 26.07.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീരമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീരമ്പാറ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി14)1415/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 26.07.2017

## എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീരംപാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 03.07.2017മുതൽ 11.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | നവാസ് സി.എം.,ഓഡിറ്റർ |
| | പ്രവീൺ വി.എൻ.,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബെന്നി പോൾ | 01.04.2016മുതൽ31.03.2017വരെ |
| സെക്രട്ടറി | സുധീരൻ എം.എസ്. | 01.04.2016മുതൽ16.12.2016വരെ |
| | കെ.ചന്ദ്രൻ നായർ | 17.12.2016മുതൽ20.12.2016വരെ |
| | പി.വി.ചിന്നമ്മ | 21.12.2016മുതൽ31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | കെ. ചന്ദ്രൻ നായർ | 01.04.2016മുതൽ24.12.2016വരെ 25.12.16 മുതൽ 4.01.17 വരെ ആർക്കും ചാർജ് നൽകിയിട്ടില്ല |
| അസി.സെക്രട്ടറി | ഹസീന മൊയ്തീൻ | 05.01.2017മുതൽ 31.3.2017വരെ |
| അസി.എഞ്ചിനീയർ | ഹരി ആർ. | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.അഞ്ജന.കെ.ഇ. | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എം.കെ.ശ്രീദേവി | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ബിബിന ജോസഫ് | 01.04.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ജാസ്മിൻ തോമസ് | 01.04.2016മുതൽ31.03.2017വരെ |
| വി.ഇ.ഒ. കീരംപാറ | ഷിൻജു കുര്യൻ | 01.04.2016മുതൽ31.03.2017വരെ |
| വി.ഇ.ഒ.നാട്ടുകാണി | ഷിജോ തങ്കപ്പൻ | 01.04.2016മുതൽ31.03.2017വരെ |
| വെറ്റിനറി സർജൻ | ജെസ്സി ജോർജ്ജ് | 01.04.2016മുതൽ31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷീല.പി,വി. | 01.04.2016മുതൽ31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനതു വരുമാനം | 1-6 |
| 7 | സാമൂഹ്യ സുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം – 2 | |
| 11 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 2-1 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നത് സംബന്ധിച്ച് | 2-2 |
| 13 | വസ്തു നികുതി ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചത് സംബന്ധിച്ച് | 2-3 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 2-4 |
| 15 | തൊഴിൽ നികുതിയുടെ പരിശോധന – അപാകതകൾ | 2-5 |
| 16 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-6 |
| 17 | റിസോർട്ടുകളുടെ തൊഴിൽ നികുതി സംബന്ധിച്ച് | 2-7 |
| 18 | ഡി&ഒ ലൈസൻസ് ഫീസ് അപാകതകൾ | 2-8 |
| | ഭാഗം – 3 | |
| 19 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ | 3-1 |
| 20 | മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ - അപാകതകൾ – 75000/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 21 | മുട്ടക്കോഴി വിതരണം - മാർഗ്ഗരേഖ പാലിച്ചില്ല. 306750/-തടസ്സപ്പെടുത്തുന്നു | 3-3 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ | 3-4 |
| 23 | കന്നുകുട്ടി പരിപാലനം (വനിത)- അപാകതകൾ - തടസ്സം - 175000/- | 3-5 |
| 24 | പാലമറ്റം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 3-6 |
| 25 | പ്രൈമറി ഹെൽത്ത് സെന്റർ, പുന്നേക്കാട് - മരുന്ന് ലഭ്യമായിട്ടില്ല | 3-7 |
| 26 | പാലിയേറ്റീവ് കെയർ യൂണിറ്റ് -മരുന്ന് ലഭ്യമായിട്ടില്ല | 3-8 |
| 27 | വാഹന വാടക നൽകിയത് – ആദായനികുതി സ്രോതസ്സിൽ നിന്ന് ഈടാക്കത്തത് | 3-9 |
| 28 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-10 |
| 29 | ആശ്രയ പ്രോജക്ട് പ്രവർത്തനം കാര്യക്ഷമമല്ല | 3-11 |
| | ഭാഗം - 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ്- 2016-17 | അനുബന്ധം.1 |
| 40 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 41 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 42 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റമെന്റ് | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 20.02.2016 തീയതിയിലെ 1-ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 39583283 രൂപയും ചെലവ് 37097000 രൂപയും വാർഷിക കണക്കുകൾ പ്രകാരം വരവ് 3355991/- രൂപയും ചെലവ് 33444796/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 28.06.2017 |

## 1-3 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 27,29,831 |
| വരവ് | 3,35,59,991 |
| ആകെ | 3,62,89,822 |
| ചെലവ് | 3,34,44,796 |
| നീക്കിയിരിപ്പ് | 28,45,026 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00.00 | 6898907.00 | 6898907.00 | 6898907.00 | 00.00 |
| വികസനഫണ്ട് (എസ്.സി.പി.) | 00.00 | 3081141.00 | 3081141.00 | 3081141.00 | 00.00 |
| വികസന ഫണ്ട് (ടി.എസ്സ്.പി.) | 00.00 | 82923.00 | 82923.00 | 82923.00 | 00.00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00.00 | 5375247.00 | 5375247.00 | 5375247.00 | 00.00 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00.00 | 2095259.00 | 2095259.00 | 2095259.00 | 00.00 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 00.00 | 4221624.00 | 4221624.00 | 4221624.00 | 00.00 |
| ലോകബാങ്ക് സഹായം | 00.00 | 0000.00 | 0000.00 | 0000.00 | 00.00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകൾ (ശതമാനം) |
|---|---|---|---|---|---|---|
| 127 | 40912393 | 78 | 23471797 | 9 | 40 | 61.42 |

## 1-6 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/ (-) |
|---|---|---|---|---|
| നികുതി വരവുകൾ | 20,27,180 | 23,53,873 | 3,26,693 | + 16.11 |
| നികുതിയേതര വരവുകൾ | 2,34,937 | 2,83,405 | 48,468 | + 20.63 |
| മറ്റു വരവുകൾ | 11,826 | 17,479 | 5,653 | + 47.80 |
| ആകെ | | | | |

## 1-7 സാമൂഹ്യ സുരക്ഷ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 244 | 23,13,310.00 |

| | | | |
|---|---|---|---|
| 2 | വാർദ്ധക്യകാല പെൻഷൻ | 526 | 46,94,960.00 |
| 3 | വിധവ പെൻഷൻ | 434 | 47,50,150.00 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 55 | 5,51,730.00 |
| 5 | ഡിസേബിൾഡ് പെൻഷൻ | 168 | 15,42,080.00 |
| 6 | തൊഴിൽ രഹിത വേതനം | 28 | 38,640.00 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1 | 30,000.00 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2017ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പിന്റെ കൃത്യത ₹.38,642/- (മുപ്പത്തിയെണ്ണായിരത്തി അറുന്നൂറ്റി നാല്പത്തി രണ്ട് രൂപ) ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം തൃപ്തികരമാണ്. പഞ്ചായത്തിന്റെ രജിസ്റ്ററുകളുടെയും ഫയലുകളുടെയും, വൗച്ചറുകളുടെയും അനുബന്ധരേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.06.2017 | 01.05.2017മുതൽ 31.05.2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.2011 മുതൽ 28.03.2011 വരെ | 01.04.2009മുതൽ 31.03.2010വരെ | 27.4.2011 |

.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക കണക്കുകൾ ഓഡിറ്റ് സമയത്ത് പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. മുന്നിരിപ്പിലും നീക്കിയിരിപ്പിലും കുടുംബശ്രീ അക്കൗണ്ട് (രൂ.1595-), ടി.പി. അക്കൗണ്ട് (രൂ.100-) എന്നിങ്ങനെ രണ്ട് അക്കൗണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടുകൾക്ക് പാസ് ബുക്കുകൾ പഞ്ചായത്തിലില്ല. നിലവിൽ പഞ്ചായത്തിന് ഇടപാടുകളുള്ള ബാങ്കുകളിലോ, ട്രഷറിയിലോ ഇപ്രകാരം അക്കൗണ്ടുകൾ ഇല്ല എന്ന് അന്വേഷിച്ച് ബോധ്യപ്പെട്ടതായി അക്കൗണ്ടന്റും അറിയിച്ചു. എന്നാൽ ഈ അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ നിന്ന് ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുന്നു.

2. പഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെയും, സഞ്ചയ സോഫ്റ്റ് വെയറിലെയും വസ്തു നികുതിയുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല. ഇത് സഞ്ചയ

സോഫ്റ്റ് വെയറിലെ അപാകതയാണെന്ന് അറിയിച്ചു. ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

3. ആസ്തി രജിസ്റ്റർ 31.03.2016 വരെ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും കാലികമായി അപ്ഡേറ്റ് ചെയ്ത് സാംഖ്യയിലെ ബി-11ഷെഡ്യൂൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നത് - സംബന്ധിച്ച്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും, 10.02.2012 തീയതിലെ എ2-4011/2011നമ്പർ പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്ക് നിശ്ചയിക്കുന്നതിന് പകരം 100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 40/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. ശ്രീ. ടോമി പൈലി, അരീക്കൽ, കീരംപാറ പിഒ എന്ന വ്യക്തിയുടെ കീരംപാറ വില്ലേജിൽ സർവ്വേ നം. 401/4 ലെ കെട്ടിടത്തിന്റെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

.

| വാർഡ്/ കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | നിർണ്ണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന – ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന – ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 11/101A | 23.39 GF | 1123 + 57 LC | 1404 +71LC(+20%റോഡ്) | 281+14 |
| 11/101B | 23.39 GF | 1123 + 57 LC | 1404 +71LC(+20%റോഡ്) | 281+14 |
| 11/101C | 23.39 GF | 1123 + 57 LC | 1404 +71LC(+20%റോഡ്) | 281+14 |

| | | | | |
|---|---|---|---|---|
| 11/101D | 23.39 GF | 1123 + 57 LC | 1404 +71LC(+20%റോഡ്) | 281+14 |
| 11/101E | 23.39 FF | 1077 + 54 LC | 1333 +67LC (+20%റോഡ് - 5%FF) | 256+13 |
| 11/101F | 23.39 FF | 1077 + 54 LC | 1333 +67 LC (+20%റോഡ് - 5%FF) | 256+13 |
| 11/101G | 23.39 FF | 1077 + 54 LC | 1333 +67 LC (+20%റോഡ് - 5%FF) | 256+13 |
| 11/101H | 23.39 FF | 1077 + 54 LC | 1333 +67 LC (+20%റോഡ് - 5%FF) | 256+13 |

ഇപ്രകാരം കുറവായി വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന എൻക്വയറിക്ക് (നം.11) അധികമായി അടയ്ക്കേണ്ട തുക അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമായ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചത് സംബന്ധിച്ച്

കേരള വാട്ടർ റിസോഴ്സസ് (എം.പി) വകുപ്പിന്റെ 30.01.2014 തീയതിലെ ജി.ഒ (ആർ.റ്റി) നം.100/2014/ഡബ്ല്യു.ആർ.ഡി. പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഭൂതത്താൻകെട്ട് ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ ഫിഷറീസ് വകുപ്പിന് നാഷണൽ മിഷൻ ഫോർ പ്രോട്ടീൻ സപ്ലിമെന്റ് സ്കീമിൽ ഉൾപ്പെടുത്തി മൾട്ടിപർപ്പസ് ഇക്കോ ഹാച്ചറി ഭൂതത്താൻകെട്ട് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. 15.02.2016 തീയതിലെ എ3.1871/15 നമ്പർ ബിൽഡിംഗ് പെർമിറ്റ് പ്രകാരം സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA), തിരുവനന്തപുരത്തിന് കീരംപാറ വില്ലേജിൽ സർവ്വേ നം. 519/4, 550/1/7പി.റ്റി.യിൽ 449.86 ച.മീറ്റർ, 112.32ച.മീറ്റർ വീതം തറ വിസ്തീർണ്ണമുള്ള ഓഫീസ് ഹാച്ചറി യൂണിറ്റ്, ഫീഡ് മിൽ പ്ലാന്റ് തുടങ്ങിയ കെട്ടിടങ്ങൾ പണിയുന്നതിനായി സെക്രട്ടറി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തു കെട്ടിടങ്ങളുടെ പണിപൂർത്തീകരിച്ചിട്ടുണ്ടെന്നും നമ്പർ അനുവദിക്കണമെന്നും ഫിർമ എക്സിക്യൂട്ടീവ് ഡയറക്ടർ 9.12.2016 ലെ ഫിർമ/182(2)/2016 നമ്പർ കത്ത് മുഖേന അപേക്ഷിച്ചിട്ടുണ്ട്. 449.86 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് III-52A നമ്പറും, 112.32ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് IV-55A നമ്പറും 24.01.2017 ൽ സെക്രട്ടറി അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും വസ്തുനികുതിചുമത്തിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203(1) ൽ ഏതൊരു ഗ്രാമ പഞ്ചായത്തും അതത് ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം (വകുപ്പ് 207) നികുതി, ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ ആകെ 562.18 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന എൻക്വയറിക്ക് തുക അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിൽ നിരവധി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തു നികുതി സംബന്ധിച്ച് സഞ്ചയയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം ഒന്നും തന്നെ നടത്തിയിട്ടില്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.5 ൽ പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും സ്ഥലപരിശോധന

നടത്തി വിസ്തീർണ്ണം അളന്ന് വസ്തു നികുതി കടിശ്ശിക സഹിതം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് എന്ന പരാമർശത്തിന് നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിനും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) നികുതി ചുമത്തേണ്ടതാണ്.

# 2-5 തൊഴിൽ നികുതിയുടെ പരിശോധന - അപാകതകൾ

2016-17 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | പിരിക്കേണ്ടതുക | പിരിക്കേണ്ട ഇനം. |
|---|---|---|---|---|
| 1 | ഹൈറേഞ്ച് വുഡ് ട്രീറ്റ്സ് | 2016-17 -Full | 1250+1250=2500 | സ്ഥാപന തൊഴിൽ നികുതി. |
| | ആകെ | | 2500/- | |

2. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | പിരിക്കേണ്ട ഇനം. | രജിസ്റ്റർ പേജ്. |
|---|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, കീരമ്പാറ | 2016-17 -Full | ജീവനക്കാരുടെ തൊഴിൽ നികുതി | 12 |

3. കീരമ്പാറ ഗ്രാമ പഞ്ചായത്ത് പരിധിയിൽ കേരള മണി ലെന്റേഴ്സ് ആക്ട് 1958പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പിരിച്ചിട്ടില്ല. www.keralataxes.gov.in/ homedocuments%5Ckmldealers_15-05-2014 പ്രാകാരമുള്ള വെബ്സൈറ്റിൽ കേരള മണി ലെന്റിംഗ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷത്തെ ലൈസൻസ് രജിസ്റ്റർ (പേജ് 40) പരിശോധിച്ചതിൽ ഫെഡറൽ ഫിനാൻസിയേഴ്സ് ആന്റ് ചിറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ലൈസൻസിനൊന്നിച്ച് പിരിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ഉടമയുടെ പേര് | വിലാസം |
|---|---|---|
| 2 | സെന്റ് മേരീസ് ഇൻവെസ്റ്റ്മെന്റ്സ്, ഗീവർഗ്ഗീസ് | വെട്ടുചിറയിൽ ബിൽഡിംഗ്, 170,കീരമ്പാറ, 11, ഊഞ്ഞാപ്പാറ, കീരമ്പാറ |

ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

കീരമ്പാറ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും 2016-17 വർഷം സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പിരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പിരിച്ച നികുതി ഇനം | പിരിക്കാത്തത് | റിമാർക്സ് |
|---|---|---|---|---|
| 1 | പെരിയാർ ആപ്കോസ് (APCOS),E -205, തട്ടേക്കാട് പി.ഒ., പാലമറ്റം | സ്ഥാപന തൊഴിൽ നികുതി - 600/- | ജീവനക്കാരുടെ തൊഴിൽ നികുതി. | സ്ഥാപന തൊഴിൽ നികുതി പിരിച്ചതിന്റെ രസീത് നം.114210775 തീയതി 27.02.16 |
| 2 | നാട്ടുകാണി ആപ്കോസ് (APCOS) | - | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി. | |
| 3 | പുന്നേക്കാട് ആപ്കോസ് (APCOS) | - | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി. | |

ഓരോ ക്ഷീര സഹകരണ സംഘങ്ങളിലും സെക്രട്ടറിയും, ജീവനക്കാരും ഉണ്ട്. കേരള പഞ്ചായത്തീരാജ് നിയമവും, ചട്ടങ്ങളും പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽപെട്ട മേൽ സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 റിസോർട്ടുകളുടെ തൊഴിൽ നികുതി സംബന്ധിച്ച്

1. ഭൂതത്താൻ കെട്ട് വിനോദ സഞ്ചാര കേന്ദ്രം, തട്ടേക്കാട് പക്ഷി സങ്കേതം എന്നിവയോട് അനുബന്ധിച്ച് കീരമ്പാറ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളുടെ വിവരവും ലൈസൻസ് നൽകിയതിന്റെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിസോർട്ടിന്റെ പേര് | കെട്ടിട നം. | ഡി&ഒ ലൈസൻസ് ഫീസ്/ സ്ഥാപന തൊഴിൽ നികുതി പിരിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | സോമ ബേർഡ്സ് ലഗൂൺ, റിസോർട്ട് തട്ടേക്കാട് | V-230-236 | 2000+2500 | രസീത് നം. 11601101517/ 28/3/17 |
| 2 | സ്പാരോവേൽ | V-269 A | 500+2500 | രസീത് നം. 11601100067/ 20/7/16 |

വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പരിസരത്തുള്ള ഇത്തരം ലക്ഷ്വറി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുവാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസ് ഫീസ് - അപാകതകൾ

പഞ്ചായത്ത് ഡി&ഒ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിലും ഈടാക്കിയതിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ക്ഷീര സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല.

കീരമ്പാറ പഞ്ചായത്ത് പരിധിയിലുള്ള പുന്നേക്കാട് ആപ്കോസ്, നാടുകാണി ആപ്കോസ് എന്നീ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പെരിയാർ ആപ്കോസിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്(100/-രസീത് നം. 114210775/27-2-2016). ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതും നടപടി എടുക്കേണ്ടതുമാണ്.

2. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്.

(എ) ഡി&ഒ രജിസ്റ്റർ പേജ്.35-ലൈസൻസ് നം.114. ശ്രീമതി. ബേബി ജോർജ്ജ്, V/23, പാലപ്പിള്ളിൽ ചേലാട് പി.ഒ. എന്നയാളുടെ പേരിലുള്ള ഫ്ളവർ മില്ലിന് നം.114 പ്രകാരം ലൈസൻസ് നൽകിയിട്ടുണ്ട്. അപേക്ഷയിൽ 10 കുതിരശക്തിയുള്ള മെഷിനറി ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് ഫീസ് ആയി 50/- രൂപയാണ് ഈടാക്കിയിരിക്കുന്നത് (രസീത് നം.62/11872-25-06-2016). മെഷിനറിയുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് കൂടി നിർണ്ണയിച്ച് ഉടമസ്ഥനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) ഗ്രാമ പഞ്ചായത്ത് പരിധിയിൽ കരിങ്കൽ ക്വാറികളും, ക്രഷറുകളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | ഉടമയുടെ / സ്ഥാപനത്തിന്റെ പേര്. | രജിസ്റ്റർ പേജ് നം./ലൈസൻസ് നം./കെട്ടിടനം. | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കിയ മെഷിനറി ഫീസ് | രസീത് നം. |
|---|---|---|---|---|---|
| 1 | റെജി കുര്യാക്കോസ്, പാറ പൊട്ടിച്ച് വില്പന | 32/2/VI /611-1A-303 | 2000 | - | 11502101464/ 26-02-2016 |
| 2 | കെ.പി.ജോയി, മാനേജിംഗ് പാർട്ണർ, അനിൽ ഗ്രാനൈറ്റ്സ് | 33/9-VII-447 | 2000 | 4100 | 101373/ 19-02-2016 |
| 3 | വിൽസൻ ജോർജ്ജ് പുല്ലൻ, കീരമ്പാറ മെറ്റൽ ക്രഷർ | 33/13-X-69 | 2000 | 2200 | 1019007, 1019008/ 26-03-2016 |
| 4 | ഷൈമോൻ ആന്റോ, കോച്ചേര്,കുവപ്പടി | 35/28 | 2000 | 5250 | 1150210473 1150210474 1150210475 |

മേൽ വിവരിച്ച മെറ്റൽ ക്രഷറുകളിൽ നിന്നും 2000/- രൂപ കണക്കാക്കിയാണ് ലൈസൻസ് ഫീസ് ഈടാക്കിയത്. ഈ സ്ഥാപനങ്ങളുടെ രേഖകൾ പരിശോധിച്ചതിൽ (Pollution Control Board സർട്ടിഫിക്കറ്റ് പ്രകാരം) മൂലധന നിക്ഷേപം കൂടുതലുള്ളതായി കണ്ടു. ശ്രീ. വിൽസൻ ജോർജ്ജിന്റെ ക്രഷറിന് 1.39 കോടി രൂപ മൂലധന നിക്ഷേപം ഉള്ളതായി കണ്ടു. ആയതിനാൽ കരിങ്കൽ ക്വാറി, മെറ്റൽ ക്രഷർ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ പരമാവധി തുകയായ 4000/- രൂപ ഈടാക്കാവുന്നതാണ്. (ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിൽ ക്രമ നം. 1ലേയും 3 ലേയും ക്വാറി ഉടമകൾ തുക അടച്ചതായി

അറിയിച്ചിട്ടുണ്ട്.)
സി. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് 2016-17 വർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര്/സ്ഥാപനം | രജിസ്റ്റർ പേജ്/ ലൈസൻസ് നം. | റിമാർക്സ് |
|---|---|---|---|
| 1 | ലൗലി ജോസി, വിർഗോ ഇൻഡസ്ട്രീസ്, കുരിശുംമൂട്ടിൽ, തട്ടേക്കാട്/ ഹോളോ ബ്രിക്സ്. | 34 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| 2 | ലിജി എൽദോസ്, വാലാൽ കളപ്പുരയ്ക്കൽ, ഇഞ്ചത്തൊട്ടി പി.ഒ. | 44/99 | തൊഴിൽ നികുതി അടച്ചിട്ടില്ല |

സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ക്രമ നമ്പർ 1 സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച് സ്ഥല പരിശോധന നടത്തി ആയതിന് നടപടിയെടുക്കേണ്ടതാണ്.
3. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡ് ക്രമത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും, വ്യക്തികളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കുവാൻ കഴിയുന്നില്ല. ആയതിനാൽ രജിസ്റ്റർ പരിപാലിക്കുമ്പോൾ സ്ഥാപനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

2016-17 വർഷം വെറ്ററിനറി സർജന് ആകെയുണ്ടായിരുന്നത് 6 പ്രോജക്ടുകളാണ്. അതിൽ 5 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് പേര് | ആകെ അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 1 | മുട്ടക്കോഴി വിതരണം | 409500 | 409000 |
| 2 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1250000 | 312500 |
| 3 | പേവിഷ നിർമ്മാർജ്ജനം | 10000 | 10000 |
| 4 | മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ | 350000 | 175000 |
| 5 | കന്നുകുട്ടി പരിപാലനം വനിത | 350000 | 175000 |

ഗുണഭോക്താക്കളുടെ അപേക്ഷ സ്വീകരിക്കാതെയും അനുബന്ധ രേഖകൾ ഇല്ലാതെയുമാണ് പ്രോജക്ടുകൾ നിർവ്വഹണം നടത്തിയത്. തുക കൈമാറിയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തേണ്ട കാഷ് ബുക്ക്, ആനുകൂല്യം വിതരണം ചെയ്തതിന്റെ രജിസ്റ്റർ എന്നിവ ശരിയായി പരിപാലിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജൻ രജിസ്റ്ററുകളും ബന്ധപ്പെട്ട രേഖകളും പരിപാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-2 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ - അപാകതകൾ - 75000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 124/16-17 |

| | |
|---|---|
| പ്രോജക്ട് പേര് | മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ |
| അടങ്കൽ | 75000/- (35000/-പ്ലാൻ ഫണ്ട്, 40000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 75000 |
| ബിൽ നം./ചെക്ക് നം. | 1. ട്രഷറി ബിൽ നം. 1/16-17/02-02-2017-40000<br>2.ട്രഷറി ബിൽ നം. 4/16-17/27-03-2017-35000 |
| നിർവ്വഹണം | വെറ്റിനറി സർജൻ. |

1. മേൽ പ്രോജക്ട് പ്രകാരം മൃഗാശുപത്രിയിലേക്ക് 75000/- രൂപയുടെ മരുന്ന് മെഡി കേയർ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സ്, ശബന മൻസിൽ എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ പ്രകാരം വാങ്ങിയിട്ടുണ്ട്. മൂന്ന് സ്ഥാപനങ്ങളിൽ നിന്നുമാണ് ക്വട്ടേഷൻ സ്വീകരിച്ചത്. ആയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെഡി കേയർ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നുമാണ് മരുന്ന് വാങ്ങിയത്. എന്നാൽ ക്വട്ടേഷൻ സ്വീകരിച്ചത്, അംഗീകരിച്ചത് എന്നിവ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടില്ല. തദ്ദേശ സ്ഥാപനത്തിലേക്ക് കൈമറിക്കിട്ടിയ സ്ഥാപനം എന്ന നിലയിൽ ഇപ്രകാരം നിശ്ചയിക്കുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ ആയിരിക്കണം.

2. ജി.ഒ.(എം.എസ്.)4/2016 തസ്വഭവ 11-01-2016 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മൃഗ സംരക്ഷണം ക്ഷീര വികസനം വിഭാഗത്തിൽ 'ജില്ലയിലെ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവേലബിലിറ്റി സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കേണ്ടത്. എന്നാൽ ഈ പ്രോജക്ട് നിർവ്വഹണം നടത്തിയതിൽ മാർഗ്ഗരേഖ പ്രകാരമുള്ള മേൽ നിബന്ധന പാലിക്കാത്തതിന് വിശദീകരണം ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ അപാകതകളുടെ കാരണത്താൽ ചെലവ് തുകയായ 75000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 മുട്ടക്കോഴി വിതരണം - മാർഗ്ഗരേഖ പാലിച്ചില്ല. 306750/-തടസ്സപ്പെടുത്തുന്നു

2016-17 വർഷം കീരമ്പാറ ഗ്രാമ പഞ്ചായത്തിൽ മുട്ടക്കോഴി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 124/16-17 |
| പ്രോജക്ട് പേര് | മുട്ടക്കോഴി വിതരണം |
| അടങ്കൽ | 409500-(307000-പ്ലാൻ ഫണ്ട്, 102375- ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 409000-<br>(306750- പ്ലാൻ ഫണ്ട്, 102250- ഗുണഭോകതൃ വിഹിതം) |
| ബിൽ നം./ചെക്ക് നം. | 1. ബിൽ നം. 5/16-17-194250/-<br>2. ബിൽ നം. 3/16-17-112500/- |
| നിർവ്വഹണം | വെറ്റിനറി സർജൻ. |

1. മേൽ പ്രോജക്ട് നടപ്പിലാക്കിയതിന് ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടില്ല.

02-10-1997ലെ ജി.ഒ.(പി)220/97/ത.സ്വ.ഭ.വ., 02-09-1998 ലെ ജി.ഒ.(പി)181/98 /ത.സ്വ.ഭ.വ.,എന്നീ ഉത്തരവുകൾ പ്രകാരമുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തിലെ എല്ലാ പദ്ധതികൾക്കും അപേക്ഷാ ഫോറങ്ങൾ തയ്യാറാക്കി സമർപ്പിക്കണം. അപേക്ഷ ഉണ്ടെങ്കിൽ മാത്രമാണ് ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ആയത് പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.
2. ജി.ഒ.(എം.എസ്.)4/2016 തസ്വഭവ 11-01-2016 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മൃഗ സംരക്ഷണം ക്ഷീര വികസനം വിഭാഗത്തിൽ കോഴി വിതരണത്തിനുള്ള മാനദണ്ഡങ്ങളിൽ വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3. അനുബന്ധ രേഖകൾ ഫയലിനോടൊപ്പം ഇല്ല. ഒരു ഗുണഭോക്താവ് ഗ്രാമ പഞ്ചായത്തിലെ താമസക്കാരനാണോ എന്ന് തെളിയിക്കുവാനുള്ള രേഖ (റേഷൻ കാർഡ് പകർപ്പ്) ഇല്ല. പദ്ധതി ഉദ്ദേശിക്കുന്ന സൗകര്യം ഗുണഭോക്താവിന് ഉണ്ട് എന്നും ഗുണഭോക്താവ് ഈ ആനുകൂല്യത്തിന് അർഹനാണ് /അല്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ചെലവഴിച്ച ₹.3,06,750/- (പ്ലാൻ ഫണ്ട് ചെലവ് ) തടസ്സപ്പെടുത്തുന്നു.

# 3-4 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 126/16-17 |
| പ്രോജക്ട് പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 1250000 (312500-പ്ലാൻ ഫണ്ട്, 312500-സംസ്ഥാനാവിഷ്കൃതം, 625000- ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 312500-(പ്ലാൻ ഫണ്ട്) |
| ബിൽ നം./ചെക്ക് നം. | ബിൽ നം. 2/16-17 – ₹.3,12,500/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

2016-17 വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
1. ഈ ആനുകൂല്യം അനുവദിക്കുന്നതിനായി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടില്ല. ഉടമസ്ഥൻ കിടാരിയോടൊപ്പം നിൽക്കുന്ന ഫോട്ടോയും, വിവരങ്ങൾ രേഖപ്പെടുത്താത്ത മുദ്രപ്പത്രവും ആണ് രേഖയായി ഉള്ളത്.
2. ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണ് എന്ന് തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡ്) ഇല്ല.
ജി.ഒ.(എം.എസ്.)4/2016 തസ്വഭവ 11-01-2016 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മൃഗ സംരക്ഷണം ക്ഷീര വികസനം വിഭാഗത്തിൽ കന്നുകുട്ടി പരിപാലനത്തിനായി പാലിക്കേണ്ട നിബന്ധനകളിൽ വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. 3250 രൂപ വീതം 50 ഗുണഭോക്തൾക്ക് വേണ്ടി TSB A/C 711040100000001 വഴി പ്രോജക്ട് ഓഫീസർ, ICDP ആലുവയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ഗുണഭോക്താക്കൾക്ക് ആനുകൂല്യമായി ലഭിച്ചത് സംബന്ധിച്ച് വ്യക്തത ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജൻ ലഭ്യമായ രേഖകളിൽ പോലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9) മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് Calf Feed ഓഫീസറിൽ നിന്നും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ രൂ.312500-(പ്ളാൻ ഫണ്ട്) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-5 കന്നുകുട്ടി പരിപാലനം (വനിത)- അപാകതകൾ- തടസ്സം - 175000/-

| | |
|---|---|
| പ്രോജക്ട് നം. | 151/16-17 |
| പ്രോജക്ട് പേര് | കന്നുകുട്ടി പരിപാലനം - വനിത |
| അടങ്കൽ | 175000/-പ്ലാൻ ഫണ്ട് |
| ചെലവ് | 175000/- |
| ബിൽ നം./ചെക്ക് നം. | ബിൽ നം. 26/16-17-27-03-2017-175000/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

2016-17 വർഷം കന്നുകുട്ടി പരിപാലനം - വനിത എന്ന പ്രോജക്ട് നിർവ്വഹണം നടത്തിയതിൽ അപാകതകൾ ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്.)4/2016 തസ്വഭവ 11-01-2016 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മൃഗ സംരക്ഷണം ക്ഷീര വികസനം വിഭാഗത്തിൽ (3-2) കന്നുകുട്ടി പരിപാലന പ്രോജക്ടിന് നിബന്ധനകളിൽ വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഈ പ്രോജക്ടിന് വേണ്ടി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടില്ല. 02-10-1997ലെ ജി.ഒ.(പി)220/97/ത.സ്വ.ഭ.വ., 02-09-1998 ലെ ജി.ഒ.(പി)181/98 /ത.സ്വ.ഭ.വ.,എന്നീ ഉത്തരവുകൾ പ്രകാരമുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തിലെ എല്ലാ പദ്ധതികൾക്കും അപേക്ഷാ ഫോറങ്ങൾ തയ്യാറാക്കി സമർപ്പിക്കണം. അപേക്ഷ ഉണ്ടെങ്കിൽ മാത്രമാണ് ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ആയത് പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ഗുണഭോക്താവിന്റെയും കിടാരിയുടേയും ഫോട്ടോയും, വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത കരാർ പത്രികയുമാണ് നിലവിൽ രേഖയായി ഉള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ രേഖപ്പെടുത്തലുകളൊന്നും നിലവിൽ ലഭ്യമായ രേഖകളിൽ ഇല്ല. ആനുകൂല്യം നൽകുന്നതിലുള്ള പ്രധാന രേഖയായ റേഷൻ കാർഡ് പകർപ്പ്, തിരിച്ചറിയൽ രേഖകൾ, എന്നിവ ഫയലിൽ ഇല്ല. 12500 രൂപയുടെ ആനുകൂല്യം 14 പേർക്കാണ് നൽകിയിട്ടുള്ളത്.

4. നിലവിൽ ലഭ്യമാക്കിയ രേഖകളിൽ കരാർ പത്രികയുടെ പകർപ്പ് കൊടുത്തിട്ടുള്ളതിൽ 4 മുതൽ 6 മാസം വരെയുള്ള പശുക്കുട്ടികൾക്കാണ് ആനുകൂല്യം നൽകുന്നത്. ഗുണഭോക്താവിന്റേയും കിടാരിയുടേയും ഫോട്ടോ കൊടുത്തിട്ടുള്ളതിൽ 6 മാസത്തിന് മുകളിൽ പ്രായമുള്ള കിടാരികൾ വരെ ഇതിൽ ഉൾപ്പെട്ടതായി കാണുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 12 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പ്രോജക്ടിന് വേണ്ടി ചെലവാക്കിയ 175000/- തടസ്സത്തിൽ വയ്ക്കുന്നു.

# 3-6 പാലമറ്റം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | പാലമറ്റം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 115/17 |
| അടങ്കൽ | 1,50,000/- |
| ചെലവ് | 1,50,000/- |
| ബിൽ നം. | 1/2016-17/25.01.2017 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, നാട്ടകാണി. |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥപനത്തിന് 25.01.2017 ന് 1,50,000/- രൂപ നല്കിയിട്ടുണ്ട് എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പ്രൈമറി ഹെൽത്ത് സെന്റർ, പൂന്നേക്കാട് - മരുന്ന് ലഭ്യമായിട്ടില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം./പേര് | 95/17, ഗവൺമെന്റ് പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് | | |
| അടങ്കൽ | 1,00,000/- | ചെലവ് | 1,00,000/- |
| ബിൽ നം. | 6/2016-17/13.03.2017 | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പൂന്നേക്കാട് | | |

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പൂന്നേക്കാട് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരത്തിന് 13.03.2017ൽ 40,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടുള്ളതായി കാണുന്നില്ല, മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല എന്ന വിവരം കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിച്ച രൂ.40000- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 പാലിയേറ്റീവ് കെയർ യൂണിറ്റ് -മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ യൂണിറ്റ് |
| പ്രോജക്ട് നം. | 94/17 |
| അടങ്കൽ | 3,74,000/- |
| ചെലവ് | 3,74,000/- |
| ബിൽ നം. | 5/2016-17/13.3.2017 രൂ.27,235/-<br>7/2016-17/30.3.2017 രൂ. 55,629/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പൂന്നേക്കാട് |

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പൂന്നേക്കാട് പാലിയേറ്റീവ് കെയർ യൂണിറ്റുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരത്തിന് മേൽ ചേർത്തിരിക്കുന്ന പ്രകാരം രൂ.82,864- നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരം പരിശോധിക്കുന്നതിന് മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയില്ല. ആയതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-9 വാഹന വാടക നൽകിയത്-ആദായനികുതി സ്രോതസ്സിൽ നിന്ന് ഈടാക്കാത്തത്

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പുന്നേക്കാട് നടപ്പിലാക്കിയ പ്രോജക്ട് നം. 94/2017 പാലിയേറ്റീവ് കെയർ യൂണിറ്റുമായി ബന്ധപ്പെട്ട് KL-7L-3198 ജീപ്പ് ഓടിയ വകയിൽ ശ്രീ. രാമചന്ദ്രൻ വി.എ, വെളിയത്ത്, ആയക്കാട് എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,30,700/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി ആക്ട് സെക്ഷൻ 194c അനുസരിച്ച് ട്രാൻസ്പോർട്ട് കോൺട്രാക്ട് ചെലവ് പ്രതിവർഷം 75,000 രൂപയിൽ അധികം വരുന്ന തുകയിൽ നിന്നും 1% ആദായനികുതി ഈടക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | വാഹനം ഉപയോഗിച്ച മാസം | നൽകിയ തുക |
|---|---|---|
| 1/16-17,19.10.16 | 5.4.16മുതൽ 31.8.16 വരെ | 49,500 |
| 2/16-17,23.11.16 | 1.9.16മുതൽ 27.10.16 വരെ | 24,200 |
| 4/16-17,18.2.17 | 1.11.16മുതൽ 28.12.16 വരെ | 23,000 |
| 5/16-17,13.3.17 | 3.1.17മുതൽ 24.1.17 വരെ | 11,000 |
| 7/16-17,30.3.17 | 1.2.17മുതൽ 22.3.17 വരെ | 23,000 |
| ആകെ | | 1,30,700/- |

ആയതിനാൽ 1,30,700/- രൂപയുടെ 1% തുകയായ 1,307/- രൂപ ആദായനികുതിയായി ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടവാക്കേണ്ടതാണ്.

.

## 3-10 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി.

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ടതൊഴിൽ ദിനങ്ങളുടെയും നടപ്പിലാക്കിയ പ്രവർത്തികളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് ലഭിച്ചവർ | | | | തൊഴിൽ ആവശ്യ പ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|
| എസ്.സി. | എസ്.ടി. | മറ്റുള്ളവർ | ആകെ | | |
| 348 | 11 | 1590 | 1949 | 742 | 742 |

| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിനം തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| എസ്.സി. | എസ്.ടി. | മറ്റുള്ളവർ | ആകെ | |
| 5043 | 105 | 17548 | 22607 | 3 |

| ക്രമ.നം. | പ്രവൃത്തിയുടെ പേര് | എണ്ണം |
|---|---|---|
| 1 | പരമ്പാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 45 |
| 2 | നീർത്തട പരിപാലന പ്രവൃത്തികൾ | 10 |
| 3 | വെള്ളക്കെട്ട് ഒഴിവാക്കുന്ന പ്രവൃത്തികൾ | 16 |
| 4 | ഭൂവികസന പ്രവൃത്തികൾ | 18 |

| | | |
|---|---|---|
| 5 | ഫോക്കൽ ഏരിയാ പ്രവൃർത്തികൾ | 18 |
| 6 | സിമന്റ് ഇഷ്ടിക നിർമ്മാണ യൂണിറ്റ് | 1 |
| 7 | റോഡ് കോൺക്രീറ്റിംഗ് | 2 |
| 8 | ഭവന നിർമ്മാണ പ്രവൃത്തികൾ | 35 |
| | ആകെ | 145 |
| 1 | ആകെ ചെലവഴിച്ചതുക | 74,81,020 |

100 ദിവസങ്ങൾ തൊഴിൽ ലഭിച്ചത് 3 പേർക്ക് മാത്രമാണ്. ആവശ്യപ്പെട്ടവർക്കെല്ലാം 100ദിവസങ്ങൾതൊഴിൽ നൽകുവാൻ ആവശ്യമായ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

## 3-11 ആശ്രയ പ്രോജക്ട് പ്രവർത്തനം കാര്യക്ഷമമല്ല

കീരമ്പാറ ഗ്രാമ പഞ്ചായത്തിലെ ആശ്രയ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ആശ്രയ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കണ്ടു. 11-01-2016 ലെ സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ, തിരുവനന്തപുരം, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)2016-17 വാർഷിക പദ്ധതി - മാർഗ്ഗരേഖയുടെ ഖണ്ഡിക.12-3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. 'ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഇല്ലായ്മകൾ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി, ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയായിട്ടാണ് ആശ്രയ പദ്ധതിയെ വിഭാവനം ചെയ്തിരിക്കുന്നത്.' മേൽ ഉത്തരവിന്റെ അനുബന്ധം 13 ൽ പദ്ധതി സംബന്ധിച്ച വിശദ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തിയാണ് ആശ്രയ പ്രോജക്ട് നടപ്പിലാക്കുന്നത്. കീരമ്പാറ ഗ്രാമ പഞ്ചായത്തിൽ 11-03-2010 ൽ ആണ് ഈ പ്രോജക്ട് തുടങ്ങിയത്. ആശ്രയ പദ്ധതിയ്ക്ക് വേണ്ടി സി.ഡി.എസ്. ചെയർപേഴ്സൺന്റെ പേരിൽ അക്കൗണ്ട് നം. 3853 ആയി കീരമ്പാറ സർവ്വീസ് സഹകരണ ബാങ്കിൽ (E 214) അക്കൗണ്ട് പരിപാലിച്ച് വരുന്നുണ്ട് (അക്കൗണ്ട് തുടങ്ങിയ തീയതി 22-02-2010). ഇതിലേക്കായി 11-03-2010 ൽ 1500000 രൂപ ചലഞ്ച് ഫണ്ട് ആയി നൽകിയിരുന്നു. 2016-17 വർഷം ആശ്രയ ഫണ്ട് വിനിയോഗവും ഫണ്ടിന്റെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

ബാങ്കിൽ ഉള്ള ഫണ്ട് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 01-04-2016 ൽ മുന്നിരിപ്പ് | 1177334 |
| 2016-17 വർഷം ചലഞ്ച് ഫണ്ട് ലഭിച്ചത് | 333333/-09-09-2016 |
| 31-03-2017 ൽ നീക്കിയിരിപ്പ് | 1279492 |

2016-17 വർഷം ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യതിന് ആകെ 283108/-രൂപ ചെലവായിട്ടുണ്ട്. 31-03-2017 ൽ പാസ്സ് ബുക്ക് പ്രകാരം 1279492/- രൂപ നീക്കിയിരിപ്പ് ഉണ്ട്. നിലവിൽ 84 പേർക്കാണ് (ആദ്യ ഘട്ടം 42, രണ്ടാം ഘട്ടം 42) സഹായം നൽകുന്നത്. 2010 ൽ ആരംഭിച്ച പ്രോജക്ടിൽ നിലവിൽ 1279492/- ബാക്കിയായത് പ്രോജക്ട് ശരിയായ രീതിയിൽ നിർവ്വഹണം നടത്താത്തതിനാലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2016-17 വർഷം ലഭിച്ച 333333/- രൂപയിൽ 283108/-രൂപ യാണ് ചെലവാക്കിയത്. സ.ഉ.(എം.എസ്) നമ്പർ 4/2016/തസ്വഭവ, തിരുവനന്തപുരം,തീയ്യതി 11-01-2016 തീയ്യതിയിലെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)2016-17 വാർഷിക പദ്ധതി - അനുബന്ധം 13 ൽ ആശ്രയ പ്രോജക്ടിൽ ഭക്ഷണം (6-2), ആരോഗ്യ സുരക്ഷ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്താമെന്നിരിക്കെ ഉത്തരവാദപ്പെട്ടവർ ആയതിന് വേണ്ടി കാര്യക്ഷമമായി പ്രവർത്തിച്ചില്ല എന്ന് മനസ്സിലാക്കുന്നു. 01-04-2017 മുതൽ നാളിതുവരെയായി ആശ്രയ കിറ്റ് വിതരണം നടത്തിയിട്ടുണ്ടെങ്കിലും, ആയതിനുള്ള തുക ചെലവ് ചെയ്തിട്ടില്ല. കുടുംബശ്രീ മെമ്പർ സെക്രട്ടറി (അസി. സെക്രട്ടറി) അവധിയിലായതിനാലാണ് ചെലവ് നടത്താതിരുന്നത് എന്ന് അറിയിച്ചു. പകരം സംവിധാനം ഏർപ്പെടുത്തുവാൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2016-17 | ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,00,000 | 0 |
| | | 75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 75,000 | 0 |
| | ജില്ലാ പഞ്ചായത്ത് | 1,20,000 | നെൽകൃഷി വികസനം | 1,20,000 | 0 |
| | | 75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 75,000 | 0 |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിന് തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | 2016-17 വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ. എം. എസ്. ലോൺ തിരിച്ചടവ് | സ.ഉ.(സാ.ധാ) 530/2010/ ത.സ്വ.ഭ.വ /18.02.2010 | 10,00,000 | 18,90,500 | 8,01,326 | - | 20,89,174 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 17,874/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 2-1 | 2000 | ചിറക്കൽ ഗ്രാനൈറ്റ്സ് | 11601100917/09.02.17 |
| | 2-2 | 912 | ജെയിംസ് ജോസ്, മഞ്ചേരിൽ | 11601100963-22.2.17 |
| | 2-2 | 992/ | മത്തായി,പായിപ്ര | 11601100972-21.4.17 |
| | 2-3 | 1290 | ശാലിനി, NREGS | 117010100098-21.4.17 |
| | 2-3 | 840 | വിർഗോ ഇൻഡസ്ട്രീസ് | 11601100816/10.1.17 |
| | 2-3 | 4020 | കാലിപ്സോ ഇക്കോ ലോഡ്ജസ് ആന്റ് കാപ്സ് പ്രൈ. ലി | 11601101164/9.3.17 |
| | 2-3 | 2820 | ചിറക്കൽ ഗ്രാനൈറ്റ്സ് | 11601101163/9.3.17 |
| | 2-3 | (*) 5000 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി. | 11601101064/2.3.17 |
| ആകെ | | 17,874 | | |

(*) വാർഷിക ധനകാര്യ പത്രികയിൽ ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ I-18 പ്രയർ പിരിയഡ് ഐറ്റത്തിൽ 5,000/- രൂപ മാത്രമാണ് ഉൾപെട്ടിട്ടുള്ളത് മറ്റ് തുകകൾ അതാത് ഇനത്തിന്റെ അക്കൗണ്ടുകളിലാണ് ഉൾപെട്ടിട്ടുള്ളത്.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,35,59,991 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,34,44,796 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1307 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 992114 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 75000 | ജെസ്സി ജോർജ്ജ് ,വെറ്ററിനറി സർജ്ജൻ |
| 3-3 | 306750 | ജെസ്സി ജോർജ്ജ് ,വെറ്ററിനറി സർജ്ജൻ |
| 3-4 | 312500 | ജെസ്സി ജോർജ്ജ് ,വെറ്ററിനറി സർജ്ജൻ |
| 3-5 | 175000 | ജെസ്സി ജോർജ്ജ് ,വെറ്ററിനറി സർജ്ജൻ |
| 3-7 | 40000 | അഞ്ജന കെ.ഇ.,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.,പുന്നേക്കാട് |
| 3-8 | 82864 | അഞ്ജന കെ.ഇ.,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.,പുന്നേക്കാട് |
| ആകെ | 9,92,114 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| 3-9 | 1,307/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഞ്ജന കെ.ഇ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പുന്നേക്കാട് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പുന്നേക്കാട് | തുരുത്തിയിൽ വീട്, ചേറങ്ങനാൽ, കോട്ടപ്പടി പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ഇ.പി1.209/93/തീയതി : 05.11.1996 |
| 1984-85 | എൽ.എഫ്.ഇ.പി1.56/89/തീയതി : 01.02.1995 |

| | |
|---|---|
| 1985-86 | എൽ.എഫ്.ഇ.പി1. 344/89/തീയതി :01.02.1990 |
| 1986-87 | എൽ.എഫ്.ഇ.പി1.539/90/തീയതി :22.01.1991 |
| 1987-88 | എൽ.എഫ്.ഇ.പി1.613/90തീയതി :03.10.1996 |
| 1988-89, 89-90 | എൽ.എഫ്.ഇ.പി1.145/94/തീയതി :08.10.1996 |
| 1990-91, 91-92, 92-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997 തീയതി : 06.07.1998 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി :. 08.04.2005 |
| 1995-96 | എൽ.എഫ്.ഇ.പി.7. 856/2010 തീയതി : 04.06.2011 |
| 1998-99 | എൽ.എഫ്.ഇ.പി.7. 08/2008 തീയതി : 09.02.2009 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2000-01 | എൽ.എഫ്.ഇ.പി.7. 10/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2002-03 | എൽ.എഫ്.ഇ.പി.7. 12/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി : 04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12തീയതി : 21.04.21012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12തീയതി : 21.04.21012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12തീയതി : 21.04.21012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12തീയതി : 21.04.21012 |
| 2010-11, 11-12 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.13 |
| 2012-13, 13-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/22.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി 7) 1320/2016 തീയതി 3.8.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി 14) 177/2017 തീയതി 06.2.17 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി14)1415/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 26.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കീരംപാറ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി

ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീരംപാറ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.14)1415/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 26.07.2017

Certified that I have audited the Annual Financial Statement of Keerampara Grama Panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Keerampara Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director